അധ്യായം 2

## ഡിഗ്രിക്ക് പഠിച്ചാൽ പോര; ജോലിക്ക് കൂടി പഠിക്കണം - നൈപുണി ക്യാമ്പയിൻ

ഉന്നതവിദ്യാഭ്യാസം യുവതി-യുവാക്കളുടെ തൊഴിൽപ്രതീക്ഷകളെ ഉയർത്തുന്നു. പരമ്പരാഗത ജോലികളിൽ അവർക്കു താല്പര്യം നഷ്ടപ്പെടുന്നു. അതേസമയം ആധുനിക തൊഴിൽതുറകളിൽ പണിയെടുക്കുവാനുള്ള നൈപുണി ഉന്നതവിദ്യാഭ്യാസം അവർക്ക് നൽകുന്നുമില്ല. പഠിക്കുന്നത് ഡിഗ്രിക്കു വേണ്ടിയാണ്. എന്തെങ്കിലും ജോലിക്കു വേണ്ടിയല്ല. ഡിഗ്രി അവരെ പ്രത്യേകിച്ചൊരു ജോലിക്കും തയ്യാറാക്കുന്നില്ല.

ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കിടയിലാണ് നൈപുണിയില്ലായ്മയുടെ പ്രശ്നം ഏറ്റവും രൂക്ഷമായിരിക്കുന്നത്. ഹ്യൂമാനിറ്റിസ് വിഷയങ്ങൾ ആയാലും, ശുദ്ധശാസ്ത്ര വിഷയങ്ങളായാലും ഒരു വിദ്യാർഥിയെയും ആ വിഷയവുമായി ബന്ധപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും നൈപുണി പരിശീലനം നൽകുന്നില്ല. ജോലി ലഭിച്ച ശേഷം ചെയ്തു പഠിക്കുക എന്നതാണ് രീതി. എന്നാൽ പുതിയകാലത്ത് സംരംഭകർ അതിനുവേണ്ടി കാത്തിരിക്കാൻ തയ്യാറല്ല. തൊഴിൽ മേഖലയ്ക്ക് ആവശ്യമുള്ള നൈപുണിയും, വിദ്യാഭ്യാസ മേഖല നൽകുന്ന നൈപുണിയും തമ്മിലുള്ള വിടവ് വർധിച്ചു വരികയാണ്.

ഈ പശ്ചാത്തലത്തിൽ ഇന്ത്യാ ഗവൺമെന്റ് നൈപുണി പരിശീലനത്തിന് പ്രത്യേക ഊന്നൽ നൽകിത്തുടങ്ങിയിട്ടുണ്ട്. ഔപചാരികമായ നൈപുണി പരിശീലനം നേടിയവർ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരുടെ 4.7 ശതമാനമേ വരൂ. ബ്രിട്ടനിൽ ഇത് 68 ശതമാനവും ജർമനിയിൽ ഇത് 75 ശതമാനവും അമേരിക്കയിൽ 52 ശതമാനവും, ജപ്പാനിൽ 80 ശതമാനവും ദക്ഷിണ കൊറിയയിൽ 96 ശതമാനവുമാണ്. ആവശ്യത്തിന് വിദഗ്ധ തൊഴിലാളികൾ ഇല്ലാത്തത് ഇന്ത്യയുടെ വളർച്ചയ്ക്ക് വലിയൊരു പ്രതിബന്ധമായി മാറിയിട്ടുണ്ട്. ഇത് മറികടക്കുവാനുള്ള ചില നടപടികൾ ദേശീയതലത്തിൽ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവ തികച്ചും അപര്യാപ്തമാണ്. വികസന തന്ത്രത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസ മേഖലയോട് പൊതുവേയുള്ള അവഗണനയാണ് അടിസ്ഥാന പ്രശ്നം.

ലോക ജിഡിപിയുടെ 4.5 ശതമാനം വിദ്യാഭ്യാസത്തിനായി ചിലവഴിക്കുന്നുണ്ട്. വികസിത രാജ്യങ്ങൾ ഏതാണ്ട് 5 ശതമാനവും പരമദരിദ്രരായ രാജ്യങ്ങൾ പോലും 4.3 ശതമാനവും ചെലവഴിക്കുമ്പോൾ ഇന്ത്യയാവട്ടെ 3.8 ശതമാനമേ ചെലവഴിക്കുന്നുള്ളൂ. വിദ്യാഭ്യാസത്തിന് 6 ശതമാനമെങ്കിലും ചെലവഴിക്കണമെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രഖ്യാപനങ്ങളെല്ലാം ജലരേഖകൾമാത്രമാണ്.

### നൈപുണി പരിശീലനം തൊഴിലില്ലായ്മക്ക് ഒറ്റമൂലിയോ?

രാജ്യത്തെ തൊഴിലില്ലായ്മയുടെ അടിസ്ഥാന കാരണം നൈപുണി ഇല്ലാത്തതാണ് എന്നല്ല വാദിക്കുന്നത്. അടിസ്ഥാനകാരണം ആവശ്യത്തിന് തൊഴിലുകൾ സൃഷ്ടിക്കപ്പെടാത്തതാണ്. ജിഡിപി വളർച്ചയുടെ വേഗത വർധിച്ചിട്ടുണ്ട്. എന്നാൽ, വളർച്ച സൃഷ്ടിക്കുന്ന


തൊഴിലവസരങ്ങളുടെ തോത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1 ശതമാനം സാമ്പത്തികവളർച്ച എത്ര ശതമാനം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന എന്നതിനെയാണ് തൊഴിലിന്റെ ഇലാസ്തികതയെന്ന വിളിക്കുന്നത്.

റിസർവ്ബാങ്ക് കണക്കുപ്രകാരം 1970-കളിൽ ഇന്ത്യയിൽ തൊഴിലിന്റെ ഇലസ്തികത 0.6 ശതമാനം ആയിരുന്നു. 1980-കളിൽ അത് 0.4 ആയി താഴ്ന്നു. എന്നാൽ നിയോലിബറൽ കാലഘട്ടത്തിൽ 1990-കളിൽ ഇത് 0.2 ശതമാനം മാത്രമായിരുന്നു. 2000-ത്തിന്റെ ആദ്യപകുതിയിൽ ഇത് വീണ്ടും 0.5 ശതമാനമായി ഉയർന്നുവെന്ന പറയുന്നുണ്ടെങ്കിലും ഉത്തരാർദ്ധത്തിൽ 0.01 ശതമാനമായി ഇടിഞ്ഞു. തൊഴിൽരഹിത വളർച്ചയാണിതെന്ന പറയാം.

ഇതേകാര്യം കുറച്ചുകൂടി ലളിതമായി ചിത്രം 2.1-ൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 1972 മുതൽ 2015 വരെയുള്ള കാലത്തെ 9 ഘട്ടങ്ങളായി തിരിച്ച് ശരാശരി പ്രതിവർഷ ജിഡിപി വളർച്ചയും തൊഴിലവസര വർധനവും താരതമ്യപ്പെടുത്തിയിരിക്കുകയാണ്. 1991 മുതലാണല്ലോ നിയോ ലിബറൽ പരിഷ്ക്കാരങ്ങൾ ആരംഭിച്ചത്. അതുവരെ ഏതാണ്ട് 2 ശതമാനം വീതം തൊഴിലവസരങ്ങൾ പ്രതിവർഷം വർധിച്ചിരുന്നു. ഏതാണ്ട് ജനനസംഖ്യാ വളർച്ചയുടെ വേഗതയിൽ തൊഴിലവസരങ്ങളും വർധിച്ചുവെന്ന ചുരുക്കം.

ചിത്രം 2.1

ജിഡിപിയുടെ ശതമാന വളർച്ചയിലെ വർദ്ധനയും തൊഴിലവസര വർദ്ധനയിലെ ഇടിവും




പരിഷ്ക്കാരങ്ങൾ നടപ്പാക്കിയതിനുശേഷം സാമ്പത്തിക വളർച്ചയുടെ വേഗത ഉയർന്നു. എന്നാൽ തൊഴിലവസര വർധന ചുരുങ്ങി. പരിഷ്ക്കാരത്തിന്റെ ആദ്യപതിറ്റാണ്ടിൽ തൊഴിൽ അവസരങ്ങൾ പ്രതിവർഷം 1.5 ശതമാനം വീതമേ ഉയർന്നുള്ളൂ. അതിനടുത്ത പതിറ്റാണ്ടിൽ 2017-18 വരെയുള്ള കാലയളവിലാണ് സാമ്പത്തികവളർച്ച ഉച്ചസ്ഥായിയിൽ ആയത്, എന്നാൽ തൊഴിലവസര വർദ്ധനവ് ഏതാണ്ട് നിലച്ച സ്ഥിതിയായി.

ഇത്രയും വിശദീകരിച്ചത് ഒരു തെറ്റിദ്ധാരണ ഒഴിവാക്കാനാണ്. നൈപുണി പരിശീലനത്തിലൂടെ ലോകത്തെയോ, ഇന്ത്യയിലെയോ തൊഴിലില്ലായ്മ പരിഹരിച്ചുകളയാം എന്ന ഒരു വ്യാമോഹവുമില്ല.

പിന്നെ എന്തിനാണ് നൈപുണി ക്യാമ്പയിൻ? കേരളത്തിലെ അഭ്യസ്തവിദ്യർക്ക് മെച്ചപ്പെട്ട നൈപുണിയുണ്ടെങ്കിൽ ആഗോള-ദേശീയ തൊഴിൽ കമ്പോളത്തിൽ മത്സരിക്കുന്നതിനും ജോലി നേടുന്നതിനുമുള്ള സാധ്യതയേറും. കോടാനുകോടി തൊഴിലുകൾ ആഗോള-ദേശീയ തൊഴിൽ കമ്പോളങ്ങളിൽ ലഭ്യമാണ്. ലോകത്തെയോ രാജ്യത്തെയോ മൊത്തം തൊഴിലന്വേഷകരുടെ ആവശ്യത്തിന് അവ തികയില്ല. പക്ഷേ അതിന്റെ ചെറിയൊരു ഭാഗം കേരളത്തിലേക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞാൽ നമ്മുടെ ആവശ്യം നിറവേറ്റാൻ പര്യാപ്തമാവും. ഇത് സാധിക്കണമെങ്കിൽ ആഗോള വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായ നൈപുണി നമ്മുടെ അഭ്യസ്തവിദ്യർ ആർജ്ജിക്കണം. അതിനാണ് വിജ്ഞാനകേരളം നൈപുണി ക്യാമ്പയിൻ.

### നിലവിലുള്ള നല്ല മാതൃകകൾ

വിദ്യാഭ്യാസ സ്ഥാപനാധിഷ്ഠിത നൈപുണി പരിശീലനത്തിന് ഇപ്പോൾത്തന്നെ നമുക്ക് നല്ല മാതൃകകൾ ഉണ്ട്. എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐറ്റിഐ എന്നീ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗണ്യമായൊരു പങ്ക് വിദ്യാർഥികൾക്ക് ഇപ്പോൾത്തന്നെ ക്യാമ്പസ് പ്ലേസ്മെന്റ് ലഭിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനം ഈ സ്ഥാപനങ്ങളിലെ പ്ലേസ്മെന്റ് ഓഫീസർമാരും സ്ഥാപനാധികൃതരും എടുക്കുന്ന മുൻകൈ ആണ്. ഓരോ സ്ഥാപനത്തിനും പരമ്പരാഗതമായി റിക്രൂട്ട്മെന്റിനുവേണ്ടി അവരുമായി ബന്ധപ്പെടുന്ന കമ്പനികളുമായി സജീവബന്ധമുണ്ട്. കമ്പനികളുടെ നൈപുണി ആവശ്യങ്ങൾ മനസിലാക്കി അതനുസരിച്ചുള്ള അധികപരിശീലനം നൽകുക പതിവാണ്. നല്ല വിഷയാധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്ലേസ്മെന്റ് ലഭിക്കുന്നതിന് പ്രയാസം ഉണ്ടാവാറില്ല.

ഇതുതന്നെയാണ് ചില ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും സ്ഥിതി. പല ഓട്ടോണമസ് കോളേജുകളും കമ്പനികളുമായി നേരത്തെ ബന്ധപ്പെട്ട് അവരുടെ ആവശ്യാനുസൃതമായ നൈപുണി പരിശീലനം പഠനത്തിന്റെ ഭാഗമാക്കാറുണ്ട്. കോമേഴ്സ് വിഷയങ്ങളിലാണ് ഈ പ്രവണത കൂടുതൽ. ഇതിന്റെ സത്ഫലവും ക്യാമ്പസ് പ്ലേസ്മെന്റിൽ ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നു.

മേൽപ്പറഞ്ഞ അനുഭവങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും, ട്രെയിനിങ് ഏജൻസികളുടെ അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും അതി വിപുലമായ ഒരു നൈപുണി പരിശീലന പരിപാടിക്കുരൂപം നല്കിയിരിക്കുകയാണ്. കോളേജ്, ഐടിഐ, പോളിടെക്നിക്, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏതാണ്ട് 3 ലക്ഷം അവസാനവർഷ വിദ്യാർഥികൾക്ക് 2025-2026 അധ്യായനവർഷം നൈപുണി പരിശീലനം നൽകുകയാണ് ലക്ഷ്യം.

### സ്ഥാപന നൈപുണി കാമ്പയിന്റെ പ്രത്യേകതകൾ

നൈപുണി പരിശീലന പരിപാടിയുടെ വൈപുല്യം തന്നെയാണ് നമ്മുടെ സ്ഥാപന നൈപുണി ക്യാമ്പയിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. നാല് വർഷ ബിരുദ വിദ്യാർത്ഥികൾ അവസാന വർഷം എത്തുമ്പോഴേക്കും നൈപുണി പരിശീലനം കരിക്കുലത്തിന്റെ ഭാഗമായിരിക്കും. അതിനുമുമ്പുതന്നെ സ്വമേധയാ മുഴുവൻ അവസാന വർഷ വിദ്യാർത്ഥികളെയും നൈപുണി പരിശീലനത്തിന് പങ്കാളികളാക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

രണ്ടാമതായി, ഈ നൈപുണി പരിശീലന പരിപാടി പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായിരിക്കും. സാധാരണഗതിയിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് ഏജൻസികളാണ് നൈപുണി പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകുക. സ്വകാര്യ ട്രെയിനിങ് ഏജൻസികൾക്ക് ഈ പരിപാടിയിൽ സജീവമായ പങ്കാളിത്തം നൽകുമെങ്കിലും കോഴ്സുകളുടെ ഉള്ളടക്കത്തിനും സംഘാടനത്തിനും നേതൃത്വം നൽകുക അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്കിൽ സെന്റർ ആയിരിക്കും.

മൂന്നാമത്തെ, പ്രത്യേകത അതിവിപുലമായ സന്നദ്ധ മെന്റർമാരുടെ ഒരു സഞ്ചയമാണ്. അൻപതിനായിരം മെന്റർമാരെയെങ്കിലും കണ്ടെത്തുവാനാണ് ശ്രമിക്കുക. ഇതിനും വികേന്ദ്രീകൃതമായ സ്ഥാപനാടിസ്ഥാനത്തിലുള്ള ഇടപെടലാണ് മുഖ്യമായും ഉണ്ടാവുക. ഓരോ സ്ഥാപനത്തിന്റെയും പൂർവ്വ വിദ്യാർഥി നെറ്റവർക്ക് ഇതിനായി ഉപയോഗപ്പെടുത്തും. രാജ്യത്ത് ആദ്യമായിട്ടായിരിക്കും ഇത്ര വിപുലമായ തോതിൽ പൂർവവിദ്യാർത്ഥികളെ അവരുടെ മാതൃവിദ്യാലയത്തിലെ നൈപുണി പരിശീലനത്തിന് മെന്റർമാരായി റിക്രൂട്ട് ചെയ്യുന്നത്.

നാലാമതായി, കേരള നോളഡ്ജ് ഇക്കണോമി മിഷൻ (കെകെഇഎം), അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്), കേരളാ അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെഎഎസ്ഇ), നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ കേന്ദ്രങ്ങൾ, ഐസിറ്റി അക്കാഡമി, സെന്റർ ഫോർ കണ്ടിന്യുയിങ് എഡ്യുക്കേഷൻ കേരള (സിസിഇകെ) തുടങ്ങി എല്ലാ സർക്കാർ നൈപുണി ഏജൻസികളും വിജ്ഞാന കേരളം നൈപുണി ക്യാമ്പയിനിൽ ഏകോപിച്ച് പ്രവർത്തിക്കും. ഇവരുമായി ബന്ധപ്പെട്ട അക്രഡിറ്റഡ് സ്വകാര്യ ഏജൻസികൾക്കും ക്യാമ്പയിനിൽ പങ്കുണ്ടാവും. ഏത് ഏജൻസിയുടെ ഏത് രീതിയിലുള്ള സഹായമാണ് സ്വീകരിക്കുക എന്നുള്ളത് സ്ഥാപനങ്ങളുടെ സ്കിൽ സെന്ററുകളാണ് തീരുമാനിക്കുക.

അഞ്ചാമതായി, നൈപുണി പരിശീലനത്തിന്റെ ഭാഗമായുള്ള കോഴ്സുകൾക്ക് സർവ്വകലാശാല അംഗീകൃത സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടിയുണ്ടാകും. ഇതിനുപുറമേ കോഴ്സെറ, ലിങ്ക്ഡ്ഇൻ, ഫൗണ്ടിറ്റ് എന്നിവയുടെ കോഴ്സുകൾ എടുക്കുന്നവർക്ക് അതിനുള്ള ക്രെഡിറ്റ് പോയിന്റുകൾ സഞ്ചയിക്കുന്നതിനുള്ള സൗകര്യവുമുണ്ടാവും.

ആറാമതായി, ഈ നൈപുണി കാമ്പയിന്റെ ഭാഗമായി ആവശ്യമായ എല്ലാ സ്ഥാപനങ്ങളിലും സ്കിൽ പഠനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് കിഫ്ബി പ്രൊജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവ ലാംഗ്വേജ് ലാബുകളായി പ്രവർത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഉണ്ടാകും.

**ഓരോ വിദ്യാർത്ഥിക്കും കോഴ്സുകളുടെ ഒരു മെനു**

ഏതുതരത്തിലുള്ള നൈപുണി കോഴ്സുകളാണ് വിദ്യാർഥികൾ പരിശീലിക്കുക? കോഴ്സുകളുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ജോബ് പ്ലേസ്മെന്റിനുള്ള സാധ്യതയായിരിക്കും. കമ്പനികളുമായിട്ട് പ്ലേസ്മെന്റ് സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനും അതിനാവശ്യമായ കോഴ്സുകൾ നിർദ്ദേശിക്കുന്നതിനും കെ-ഡിസ്ക് മുൻകൈ എടുക്കും. ഇത് എല്ലാ സർക്കാർ പരിശീലന ഏജൻസികൾക്കും ചെയ്യാവുന്നതാണ്. അവസാനം തിരഞ്ഞെടുക്കുക സ്ഥാപനത്തിലെ സ്കിൽ സെന്ററായിരിക്കും. കമ്പനികളുടെ ആവശ്യങ്ങൾക്കനുസൃതമായി കോഴ്സുകളിൽ രൂപമാറ്റം വരുത്തുന്നതിന് സ്കിൽ സെന്ററുകൾക്ക് അവകാശം ഉണ്ടാവും. തൊഴിലുകളുടെ ആവശ്യമനുസരിച്ച് രൂപം നൽകുന്ന പരമാവധി മൂന്ന് മാസം ദൈർഘ്യമുള്ള ടാലന്റ് ആക്സിലറേഷൻ പരിപാടികൾക്കാകും മുൻഗണന.

1. കെ-ഡിസ്കിൽ ഇപ്പോൾ തന്നെ ലഭ്യമായ കോഴ്സേറ, ഫൗണ്ടിറ്റ്, ലിങ്ക്ഡ് ഇൻ തുടങ്ങിയവയുടെ കോഴ്സുകളുടെ സഞ്ചയം. ഈ കോഴ്സുകളുടെ എണ്ണം 70,000 ത്തോളം വരും. ഇവയിൽ കേരളത്തിന്റെ സവിശേഷതകൾ പരിഗണിച്ച 42 ഡൊമൈനുകളിലായി 250 കോഴ്സുകൾ കെ-ഡിസ്ക് ഷോർട്ട് ലിസ്റ്റ് ചെയ്തവ കോളേജുകൾക്ക് ലഭ്യമാക്കും. ഇതിനുപുറമെ ഈ കോഴ്സുകളെ ലഘൂകരിച്ച 75 ഫൗണ്ടേഷൻ കോഴ്സുകൾക്കും രൂപം നൽകിയിട്ടുണ്ട്.

2. ഡൊമൈൻ ബെയ്സ്ഡ് കോഴ്സുകൾക്കു പുറമേ ഇംഗ്ലീഷ് ഭാഷാ നൈപുണിയിലും മറ്റുമുള്ള സോഫ്റ്റ് കോഴ്സുകൾ. കെ-ഡിസ്ക് ഇപ്പോൾത്തന്നെ 100 മണിക്കൂറിന്റെയും, 75 മണിക്കൂറിന്റെയും, 50 മണിക്കൂറിന്റെയും മൂന്ന് ഇംഗ്ലീഷ് മൊഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ജർമ്മൻ, ജാപ്പനീസ് തുടങ്ങിയ ഭാഷകൾ പഠിക്കുന്നതിനുള്ള സൗകര്യങ്ങളുമുണ്ടാകണം.

3. അസാപ്പിന്റെ വർക്ക് റെഡിനസ് പ്രോഗ്രാം പോലുള്ള തയ്യാറെടുപ്പ് കോഴ്സുകൾ. ഇവയ്ക്കുപുറമേ ഉന്നതവിദ്യാഭ്യാസ വകുപ്പ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ള ഏജൻസികൾക്കെല്ലാം അവരുടേതായ കോഴ്സുകളുണ്ട്.

4. തൊഴിൽദാതാക്കളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകൾ.

5. ഫ്രീലാൻസ് തൊഴിലുകൾക്ക് തയ്യാറാകുന്നവർക്കുവേണ്ടി ഡിജിറ്റൽ നൈപുണി വർദ്ധനയിലൂന്നിയുള്ള പ്രത്യേക പരിശീലന പരിപാടികൾ.

6. കേന്ദ്ര സർക്കാരിന്റെ ഇന്റേൺഷിപ്പ് സ്കീമുകൾ, അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾ.

7. തൊഴിലന്വേഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, ഇന്റർവ്യൂകളിൽ മികച്ച പ്രകടനം നടത്താൻ തയ്യാറാക്കുന്നതിനുമായി പ്രത്യേക പരിശീലന പരിപാടി.

ഓരോ കോഴ്സും ലഭ്യമാക്കുന്ന തൊഴിലവസരങ്ങളുടെ പൊതുവിശദാംശങ്ങൾ നൽകാൻ കഴിയണം. ജോലി ലഭിക്കാനുള്ള പ്രോബബിലിറ്റി വ്യക്തമാക്കണം. പല ഉയർന്ന കോഴ്സുകളും വിജയകരമായി പൂർത്തിയാക്കിയാൽ ഉറപ്പായും തൊഴിൽ ലഭിക്കുന്നവയാണ്. റിക്രൂട്ട്, ട്രെയിൻ ആൻഡ് ഡിപ്ലോയ് (ആർറ്റിഡി) വിഭാഗത്തിൽപ്പെട്ട കോഴ്സുകളും ഇത്തരത്തിൽപ്പെട്ടവയാണ്. എന്നാൽ മറ്റ് പലതും അങ്ങനെ ആയിരിക്കില്ല. ഇതു സംബന്ധിച്ച് പൂർണ്ണവ്യക്തത സ്കിൽ സെന്ററുകൾക്ക് നൽകുന്നതാണ്. വ്യവസായ ആവശ്യവുമായി ബന്ധപ്പെടുത്തിവേണം നൈപുണി പരിശീലനം.

കെ-ഡിസ്ക് ലൈസൻസ് എടുത്തിട്ടുള്ള കോഴ്സെറ, ലിങ്ക്ഡ് ഇൻ, ഫൗണ്ടിറ്റ് കോഴ്സുകൾ സൗജന്യമാണ്. എന്നാൽ മറ്റ് ഏജൻസികളുടെ കോഴ്സുകൾക്ക് ഫീസ് നൽകേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായുള്ള പണം പ്ലാൻ ഫണ്ടിൽനിന്ന് നൽകുവാൻ അനുവാദമുണ്ട്. ഇതോടൊപ്പം മാച്ചിങ്ങ് ഗ്രാന്റ് നൽകുമെന്ന് സംസ്ഥാന ബജറ്റിലും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ ഇതിനാവശ്യമായ ഭേദഗതികൾ പിന്നീട് വരുത്താവുന്നതാണ്. തൃശ്ശൂരിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ആറ് കോടി രൂപ നൈപുണി പരിശീലനത്തിനും തൊഴിൽമേളകൾക്കും വേണ്ടി വകയിരുത്തിയിട്ടുണ്ട്.

### സന്നദ്ധ മെന്റർമാരുടെ ആഗോള ശൃംഖല

സ്കിൽ കോഴ്സുകളെല്ലാം മുഖ്യമായും ഓൺലൈൻ ആയിട്ടാണ് പഠിപ്പിക്കുക. ഓൺലൈൻ പരിശീലനമാണെങ്കിലും വിദ്യാർത്ഥികൾക്ക് നേരിട്ടുള്ള സംശയദൂരീകരണ ക്ലാസുകളും ഓഫ് ലൈൻ / ഓൺ ലൈൻ മെന്ററിംഗും അനിവാര്യമാണ്. ഇതിന് അതിവിപുലമായ മെന്റേഴ്സിന്റെ ഒരു സന്നദ്ധസേനയുണ്ടാകണം. 50,000 സന്നദ്ധ പ്രൊഫഷണലുകളെ കണ്ടെത്താനാണ ലക്ഷ്യമിടുന്നത്. ഏതൊക്കെ വിഭാഗങ്ങളെയാണ് നമുക്ക് ഈ സന്നദ്ധ-സാങ്കേതിക സേനയിലേക്ക് പ്രതീക്ഷിക്കാനാവുക?

1. ടീച്ചർ മെന്റർമാർ: വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ മുഴുവൻ അവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട മെന്റർമാർ ആവുമെന്ന് പ്രതീക്ഷിക്കുന്നു. ഇവർക്കു മാത്രമേ നേരിട്ടുള്ള ക്ലാസുകൾ സംഘടിപ്പിക്കാനാവൂ.
2. പൂർവ്വവിദ്യാർത്ഥി മെന്റർമാർ: എണ്ണത്തിൽ ഏറ്റവും കൂടുതൽവരുന്ന വിഭാഗം ഒരുപക്ഷേ ഓരോ കോളേജിലെയും പൂർവ്വവിദ്യാർത്ഥികളായിരിക്കും. പ്രധാന വിഭാഗവും ഇവരായിരിക്കും. തങ്ങൾ പഠിച്ച കോളേജിലെ ഇന്നത്തെ ഒരു വിദ്യാർത്ഥിക്കുവേണ്ടി ലോകത്ത് എവിടെ ജോലി ചെയ്താലും ഓൺലൈനായി ആഴ്ചയിൽ ഒരു മണിക്കൂർ വീതം മാറ്റിവയ്ക്കുന്നതിന് ഇവരിൽ വലിയൊരു വിഭാഗം തയ്യാറാകും. പ്രൊഫഷണൽ അല്ലെങ്കിൽ അക്കാദമിക് ജോലികളിൽ ഏർപ്പെടുന്നവരെ മാത്രമാണ് ഇങ്ങനെ ഉപയോഗിക്കുവാൻ കഴിയുക. ഓരോ കോളേജും നൈപുണി പരിശീലന തൊഴിൽ

പരിപാടിയെക്കുറിച്ച് ഒരു രേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അന്തർദേശീയ അലുമിനി യോഗങ്ങൾ വിളിച്ചു ചേർക്കുകയും വേണം. ഇങ്ങനെ കോളേജ് സ്കിൽ സെന്റർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ മുൻ മന്ത്രിമാർ, മുൻ വൈസ് ചാൻസിലർമാർ, മറ്റു പ്രഗത്ഭർ തുടങ്ങിയവരെകൂടി പങ്കെടുപ്പിക്കുന്നതാണ്.

3. കമ്മ്യൂണിറ്റി മെന്റർമാർ: കോളേജിനു പുറത്തുള്ള പ്രൊഫഷണലുകൾക്കും, റിട്ടയർ ചെയ്തവർക്കും മെന്റർമാരായി പ്രവർത്തിക്കാം. ഇവരെ കമ്മ്യൂണിറ്റി മെന്റർമാർ എന്നാണ് വിളിക്കുക. വിദ്യാഭ്യാസ സ്ഥാപനത്തിലെ പരിശീലനത്തിന് സഹായിക്കുക മാത്രമല്ല, പുറത്തുള്ള ഉദ്യോഗാർത്ഥികൾക്ക് നൈപുണി പരിശീലനം നൽകുന്നതിനും അവർ നേരിട്ട് പങ്കാളികളാകും. ജനകീയാസൂത്രണ കാലത്തെ സന്നദ്ധ-സാങ്കേതിക സേനയുടെ (ടെക്നിക്കൽ വോളണ്ടിയർ കോർ) അനുഭവം നമുക്കുണ്ട്. ഏറ്റവും സമുന്നതരായ സാങ്കേതികവിദഗ്ദരും പ്രൊഫഷണലുകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രൊജക്ടുകളും പദ്ധതിയും പരിശോധിച്ച് റിവൈസ് ചെയ്യുന്നതിനും ഡിപിസിയെ ഉപദേശിക്കുന്നതിനും മുന്നോട്ടുവന്നു. ഇവരിൽ ഒരു വിഭാഗം സാങ്കേതികാനുമതി നൽകുന്ന സമിതികളിലും പ്രവർത്തിച്ചു. ഇതിന്റെയൊരു രണ്ടാംപതിപ്പ് കേരളത്തിൽ സംഘടിപ്പിക്കാനാണു ശ്രമിക്കുന്നത്.

**സേവനങ്ങളുടെ അടിസ്ഥാനത്തിൽ മെന്റർമാർ മൂന്നുതരം**

നൽകുന്ന സേവനങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മെന്റർമാരെ മൂന്നായി തരംതിരിക്കാനാവും.

1. സോഫ്റ്റ് സ്കിൽ മെന്റർ: അഭിമുഖത്തിനായുള്ള തയ്യാറെടുപ്പ്, ആത്മവിശ്വാസം പുലർത്തുക, കരിയർ ഗൈഡൻസ്, ബയോഡേറ്റ തയ്യാറാക്കുക എന്നിവയ്ക്കായി ലഘു വർക്ഷോപ്പുകൾ നടത്തുകയും ഉപദേശങ്ങൾ നൽകുകയുമാണ് ഇവരുടെ കടമ. ഇവർ മോട്ടിവേറ്റേഴ്സ് ആണ്.

2. ഇംഗ്ലീഷ് ഭാഷാ മെന്റർ: ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റുകളുടെ ലാംഗ്വേജ് ലാബുകളുമായി ബന്ധപ്പെട്ടാണ് ഇവർ പ്രവർത്തിക്കുക. റിട്ടയേർഡ് അധ്യാപകർക്കും, ഭാഷ വൈദഗ്ധ്യമുള്ളവർക്കും ഇതിൽ പങ്കുവഹിക്കാനാവും.

3. ഡൊമൈൻ മെന്റർ: വ്യത്യസ്ത നൈപുണി മേഖലകളിലെ പരിശീലകരാണ് ഇവർ. ഫിനാൻസ്, ഹോസ്പിറ്റാലിറ്റി, ആരോഗ്യപരിപാലനം, ഐറ്റി, ഐറ്റിഇഎസ്, മാർക്കറ്റിങ്ങ്, കൺസ്ട്രക്ഷൻ തുടങ്ങി ഓരോ മേഖലയിലും ഡൊമൈൻമെന്റർമാർ കൂടിയേതീരു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയേഴ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ, കോസ്റ്റ് അക്കൗണ്ടന്റ്സ്, കമ്പനി സെക്രട്ടറിമാർ തുടങ്ങിയവരുടെ പ്രൊഫഷണൽ സംഘടനകൾക്കും ഡിഎകെഎഫ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകൾക്കും കമ്മ്യൂണിറ്റി മെന്റർമാരെ അണിനിരത്തുന്നതിൽ വലിയ പങ്കുവഹിക്കാൻ

കഴിയും. പ്രതിധ്വനി പോലുള്ള ഐറ്റി പ്രവർത്തകരുടെ സംഘടനകൾക്ക് തങ്ങളുടെ തൊഴിൽ മേഖലയിൽ മെന്റർമാരെ സമാഹരിക്കാൻ ക്യാമ്പയിൻ ചെയ്യാനാകും.

നമ്മൾ ഇപ്പോൾ ഏറ്റെടുക്കാൻ പോകുന്ന സ്കിൽ ദൗത്യത്തിന് സമാനമായ സംരംഭങ്ങൾ ലോകത്തെവിടെയും ഉണ്ടായതായി അറിവില്ല. കേരളമെന്ന ആശയത്തിന് അന്തർദേശീയ തലത്തിലുള്ള പിന്തുണ ഉപയോഗപ്പെടുത്തി പുരോഗമന ജനാധിപത്യ വിശ്വാസികളായ മലയാളികളല്ലാത്ത പണ്ഡിതരെയും മെന്റർസേനയിലേക്ക് ആകർഷിക്കാൻ പരിപാടി തയ്യാറാക്കണം.

### വിദ്യാർഥികളെ പ്രചോദിപ്പിക്കാൻ മോട്ടിവേറ്റേഴ്സ്

നാം ലക്ഷ്യമിടുന്ന തോതിൽ നൈപുണി വികസന പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കാളികളാകണമെങ്കിൽ അവരെ ബോധവൽക്കരിക്കുന്നതിനും മോട്ടിവേറ്റ് ചെയ്യുന്നതിനും തുടർച്ചയായ ഇടപെടൽ ഉണ്ടാകണം. താഴെപ്പറയുന്ന വിഭാഗങ്ങളെ ഇതിനായി ആശ്രയിക്കാനാകും.

1. മാനേജ്മെന്റുകൾ: കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം പല വിഷയങ്ങളിലും പഠിക്കാൻ ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലായെന്നുള്ളതാണ്. ഈ പ്രതിസന്ധി മറികടക്കാൻ കുറുക്കുവഴികളില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുകയും പഠനം പൂർത്തിയായാൽ പ്ലെയിസ്മെന്റ് നൽകാൻ കഴിയുമെന്ന് ഉറപ്പാക്കുക മാത്രമാണ് മാർഗ്ഗം. അതുകൊണ്ട് പദ്ധതി പറഞ്ഞു മനസിലാക്കിയാൽ മാനേജ്മെന്റുകൾ സഹകരിക്കുമെന്ന് ഉറപ്പാണ്. മണ്ഡലാടിസ്ഥാനത്തിലുള്ള സ്കിൽ കൗൺസിലുകൾക്ക് ഇതിൽ വലിയ പങ്കുവഹിക്കാൻ കഴിയും. അതുപോലെ ലാബും വർക്ക്ഷോപ്പും മറ്റും നൈപുണി പരിശീലനത്തിന് ലഭ്യമാകണമെങ്കിൽ മാനേജ്മെന്റുകളുടെ പൂർണ്ണസഹകരണം ആവശ്യമാണ്.

2. അധ്യാപകർ: രണ്ടാമത്തെ ഏറ്റവും വലിയ പ്രധാനപ്പെട്ട വിഭാഗം സ്ഥാപനങ്ങളിലെ അധ്യാപകരാണ്. അവരിൽ പലരും ഭയപ്പെടുന്നത് നൈപുണി പരിശീലനം സൃഷ്ടിക്കാവുന്ന അധിക തൊഴിൽഭാരമാണ്. ഓൺലൈൻ പരിശീലനത്തിന് മെന്റർമാരായി കലാലയത്തിനു പുറത്തുനിന്ന് പ്രൊഫഷണലുകളുടെയും മുൻവിദ്യാർത്ഥികളുടെയും സഞ്ചയമുണ്ടാകുമെന്ന് ഉറപ്പാക്കിയാൽ ഈ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടാവില്ല.

3. പ്രൊഫഷണൽ സംഘടനകൾ: ശാസ്ത്ര യുവസമിതികൾ / ഡിഎകെഎഫ് പോലുള്ള പ്രൊഫഷണൽ സംഘടനകളാണ് മറ്റൊരു പിന്തുണാ വിഭാഗം. പ്രസിദ്ധരായ സ്റ്റാർട്ട് അപ്പ് സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് കോളെജിൽ യോഗങ്ങൾ നടത്തുന്നത് ഫലപ്രദമായിരിക്കും. ഒരുവർഷം മുമ്പ് ഡിഎകെഎഫിന്റെ നേതൃത്വത്തിൽ നടത്തിയ ഫ്രീഡം ഫെസ്റ്റിൽ വലിയ തോതിൽ പ്രൊഫഷണൽ വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിന് ഏത് പ്രൊഫഷണൽ സംഘടനകൾക്കും മുൻകൈയെടുക്കാവുന്നതാണ്.

4. സാമൂഹ്യപിന്തുണ: മറ്റൊരു പ്രധാനപ്പെട്ട ഇടപെടൽ പഞ്ചായത്ത്/മുനിസിപ്പൽ അടിസ്ഥാനത്തിലുള്ള ജോബ് സ്റ്റേഷൻ / ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് ക്യാൻവാസ് ചെയ്യലാണ്. പ്രാദേശികാടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ യോഗം വിളിക്കാവുന്നതാണ്.

**നാഷണൽ സർവീസ് സ്കീം (എൻ എസ് എസ് )**

ഹയർസെക്കൻഡറി അടക്കം കേരളത്തിൽ എൻ എസ് എസിൽ ഏതാണ്ട് ഒന്നരലക്ഷം വിദ്യാർഥികൾ അംഗങ്ങളായിട്ടുണ്ട്. ഇവർ നൈപുണി - തൊഴിൽ കാമ്പയിനിൽ പ്രധാനപ്പെട്ട ഒരു പങ്കുവഹിക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നൈപുണി പരിപാടികളുടെ വോളന്റീയർ ഫോഴ്സ് ഇവരുടേതായിരിക്കും. സ്കിൽ സമ്മിറ്റിനുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യിക്കൽ, ലൈവ് സ്ട്രീം പരിപാടികളുടെ സംഘാടനം, നൈപുണി പരിശീലനവുമായി ബന്ധപ്പെട്ട യോഗങ്ങളും സംവാദങ്ങളും സംഘടിപ്പിക്കൽ എന്നിവയ്ക്ക് ഇവർ മുൻകൈ എടുക്കും.

ജോബ് സ്റ്റേഷനുമായി ബന്ധപ്പെട്ടുള്ള സന്നദ്ധപ്രവർത്തനങ്ങളിൽ എൻ എസ് എസ് അംഗങ്ങൾ പങ്കാളികളാകും. പുതിയ തൊഴിലന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുന്നതിനും, തൊഴിലന്വേഷകരെ തൊഴിൽ മേളകളുമായി ബന്ധപ്പെടുന്നതിനും ഇവർക്ക് വലിയ സംഭാവന ചെയ്യുവാനാവും. ഓണക്കാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നൈപുണി പരിശീലനവുമായി ബന്ധപ്പെട്ട നടക്കാൻ പോവുന്ന ഗൃഹസന്ദർശന പരിപാടികളിലും ഇവർക്കു പങ്കാളികളാകാം.

നാലാം അധ്യായത്തിൽ ചർച്ചചെയ്യുവാൻ പോവുന്ന വീട്ടമ്മമാരുടെ നൈപുണി തൊഴില്പരിപാടിയിൽ കുടുംബശ്രീക്ക് പിന്തുണ എൻ എസ് എസ് വളണ്ടീയർമാർ നൽകും. ഈ വർഷത്തെ പ്രവർത്തന തീം ആയി എൻ എസ് എസ് തിരഞ്ഞെടുത്തിട്ടുള്ള "മാനസ ഗ്രാമം" പരിപാടിയിൽ ഒരു പ്രധാന ഇനം എല്ലാ വീട്ടിലും ഒരാൾക്കെങ്കിലും നല്ല തൊഴിൽ ഉറപ്പുവരുത്തലാണ്. ഇതിനായുള്ള പ്രവർത്തനങ്ങളെ വിജ്ഞാനകേരളം ക്യാമ്പയിനുമായി ബന്ധപ്പെടുത്തുന്നതിനു പ്രയാസമുണ്ടാവില്ല.

എൻ എസ് എസ് പങ്കാളിത്തത്തിന്റെ പ്രത്യേകത വിജ്ഞാനകേരളത്തിലെ സന്നദ്ധസേവനത്തെ പഠന കോഴ്സിന്റെ ഭാഗമാക്കും എന്നുള്ളതാണ്. വിജ്ഞാനകേരളത്തെക്കുറിച്ച മാത്രമല്ല സംവേദനം, കൗൺസിലിംഗ്, കരിയർ, തൊഴിലും - നൈപുണിയും തുടങ്ങിയവയെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകളിലും ഇവർക്ക് പങ്കാളികളാകാം. ഈ കോഴ്സിന്റെ പ്രയോഗികപരിശീലനം ആയിട്ട് ആയിരിക്കും സന്നദ്ധസേവനത്തെ പരിഗണിക്കുക. 'മാനസഗ്രാമം പദ്ധതി'യുടെ ഭാഗമായി ഗ്രാമപഠനവും കോഴ്സിന്റെ ഭാഗമാക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ അധ്യയനവർഷം അവസാനം എല്ലാവർക്കും ഓപ്പൺസർവ്വകലാശാലയിൽ നിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിനാണ് ഇപ്പോൾ പരിശ്രമിക്കുന്നത്.

**നൈപുണി കാമ്പയിനിന്റെ സംഘടന**

വിജ്ഞാന കേരളം നൈപുണി പരിശീലന കാമ്പയിന് ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെയും തൊഴിൽ മന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ വിവിധ സ്കിൽ ഏജൻസികളുടെയും സർവ്വകലാശാല, പോളിടെക്നിക്, ഐറ്റിഐ എന്നിവയുടെ പ്രതിനിധികളും സർവ്വകലാശാല യൂണിയൻ പ്രതിനിധികളും അധ്യാപക സംഘടനാ പ്രതിനിധികളും ഡിപ്പാർട്ട്മെന്റൽ ഉദ്യോഗസ്ഥരുടെയും കെ-ഡിസ്ക്, കെകെഇഎം പ്രതിനിധികളുടെയും സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. കാമ്പയിന്റെ തയ്യാറെടുപ്പും പുരോഗതിയും ഈ സമിതി കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നോട്ടുപോകും.

ജില്ലയിലെ ചാർജുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ എംഎൽഎമാർ, വിവിധതട്ടുകളിലെ തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ, തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ, തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന ജില്ലാതല കൗൺസിൽ നിലവിൽ വന്നിട്ടുണ്ട്. കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതലത്തിൽ നിലവിലുള്ള സ്കിൽ കൗൺസിൽ അംഗങ്ങളെ മുഴുവൻ പുതിയ സംവിധാനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ജില്ലാ കൗൺസിൽ ജില്ലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള വേദിയായി പ്രവർത്തിക്കും.

മണ്ഡലാടിസ്ഥാനത്തിൽ എംഎൽഎ ചെയർമാനായി മണ്ഡല സ്കിൽ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. ബ്ലോക്ക്/മുനിസിപ്പൽ അധ്യക്ഷന്മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രതിനിധികൾ, പ്ലെയ്സ്മെന്റ് ഓഫീസർമാർ, പിഎംയു കോർഡിനേറ്റർ, പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ, യൂത്ത് വെൽഫയർ ബോർഡ് പ്രതിനിധി, ജോബ് സ്റ്റേഷൻ പ്രതിനിധികൾ എന്നിവരടങ്ങുന്നതാകും ഈ കൗൺസിൽ.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്കിൽ സെന്ററുകളെ സഹായിക്കുകയും മോട്ടിവേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആവശ്യമായ പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാരെ റിക്രൂട്ട് ചെയ്യാൻ സഹായിക്കുകയുമാണ് കൗൺസിലിന്റെ ചുമതല.

**അന്തർദേശീയ കേരള സ്കിൽ സമ്മിറ്റ്**

ജൂലൈ മാസത്തിൽ മെന്റർമാരുടെ റിക്രൂട്ട്മെന്റ് ക്യാമ്പയിൻ ഔപചാരികമായി ആരംഭിക്കും, നൂതനമായ ഈ പരിപാടിയെക്കുറിച്ച് മുഖ്യമന്ത്രി ലോകത്തെമ്പാടുമുള്ള മലയാളികളോട് സംവദിക്കും. ഇതിനെത്തുടർന്ന് ലോക കേരള സഭയുടെ മേഖലകളിൽ ഓൺലൈനായി മുഖ്യമന്ത്രിയുടെ ആശയങ്ങൾ ചർച്ച ചെയ്യും. അതിവിപുലമായ സോഷ്യൽ മീഡിയ ക്യാമ്പയിനും തുടക്കമാവും. ഇവ നയിക്കുന്നതിന് ഒരു പ്രത്യേക പ്രൊഫെഷണൽ ടീമിനു തന്നെ രൂപം നൽകും.

ആഗസ്റ്റ് മാസത്തിലാണ് നൈപുണി പരിശീലന കാമ്പയിൻ ആരംഭിക്കുക. ഇതിനു തുടക്കംകുറിച്ചുകൊണ്ട് ഹൈബ്രിഡ് മോഡലിൽ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പ്രൊഫഷണൽ സംഘടനകളെയും, പ്രവാസി സംഘടനകളെയും ബന്ധപ്പെടുത്തികൊണ്ട് ഒരു സ്കിൽ സമ്മിറ്റ് സംഘടിപ്പിക്കുന്നതിന് പരിപാടി തയ്യാറായിട്ടുണ്ട്. അഞ്ച് വേദികളിലായിട്ടാണ് സമാന്തര ചർച്ചകൾ നടക്കുക. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും അവരുടെ സ്കിൽ പരിപാടികൾ ഷോക്കേസ് ചെയ്യുന്നതിനും അവസരമുണ്ടാകും. യുവ ഇന്നോവേറ്റേഴ്സിന്റെ പ്രത്യേക വേദി ഉണ്ടാവും. തൊഴിൽദാതാക്കളും അവരുടെ സംഘടനകൾ, പ്രൊഫെഷണൽ ട്രെയിനിങ് ഏജൻസികൾ എന്നിവർക്കും സംവാദത്തിനു അവസരമുണ്ടാകും. ലോകത്തെമ്പാടുമുള്ള മെന്റർമാർക്ക് ചർച്ചകൾ നടത്തുന്നതിന് മേഖല അടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും വേദികളൊരുക്കും.

2 ലക്ഷം പേർ കേരളത്തിൽ നിന്നും പുറത്തുനിന്നും ഓൺലൈനായും ഓഫ് ലൈനായും ഈ സമ്മിറ്റിൽ പങ്കെടുക്കും. ഇതിൽ പങ്കെടുക്കാമെന്നുള്ളതുകൊണ്ട് വിദേശത്തുള്ള പ്രൊഫഷണലുകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും പങ്കെടുപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ജൂലൈ മാസത്തിലെ മുഖ്യമന്ത്രിയുടെ പ്രഭാഷണത്തോടെ ആരംഭിക്കും. നീണ്ട പ്രസംഗങ്ങൾക്കു പകരം ലഘുസംവാദങ്ങളും അഭിമുഖങ്ങളും 10 മിനിറ്റ് അവതരണങ്ങളുമെല്ലാം അടങ്ങുന്ന ഒരു നൂതന നൈപുണി വികസന സമ്മേളനമായിരിക്കും ഇത്. നൈപുണി പരിശീലന പരിപാടിയുടെ ഔപചാരികമായ ലോഞ്ച് ഇതിൽവച്ചാണ് നടത്തുക. ജൂലൈ മാസത്തിൽ സമ്മിറ്റിനുള്ള രജിസ്ട്രേഷൻ ആരംഭിക്കും.

**പൈലറ്റ് പ്രൊജക്ട് വൻവിജയം**

2024-25 നടപ്പ് അക്കാദമിക് വർഷത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു പൈലറ്റ് നൈപുണി പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 25,000 വിദ്യാർത്ഥികളെയാണ് ഇതിൽ പങ്കാളികളാക്കിയത്. ഏപ്രിൽ മാസം അവസാനിച്ചപ്പോഴും ഇവരിൽ 16000 പേർക്ക് കാമ്പസ് പ്ലേയ്സ്മെന്റ് ലഭിച്ചു കഴിഞ്ഞു. ജൂൺ അവസാനിക്കുമ്പോഴേക്കും മുഴുവൻ പേർക്കും ജോലി നൽകാൻ കഴിയും എന്നതാണ് ഇപ്പോഴത്തെ ഉറച്ച വിശ്വാസം.